**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **07-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലേക്ക് ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേക്ക് പുതിയ ടെലി കോബാൾട്ട് മെഷീൻ കെ.എ.എസ്.പി ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ ടെലി കൊബാൾട്ട് മെഷീൻ 2023-24 സാമ്പത്തികവർഷത്തെ പ്ലാൻ ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ച് വാങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത മെഷീൻ വാങ്ങുന്നതിനാവശ്യമായ തുക 2023-24 വർഷത്തിലെ പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുവാൻ തടസ്സമുള്ളതിനാൽ KASP ഫണ്ടിൽ നിന്നും പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത മെഷീന് പകരം LINAC മെഷീൻ വാങ്ങുന്നതിനുള്ള ശിപാർശ പ്രിൻസിപ്പൽ സമർപ്പിച്ചതിനെ തുടർന്ന് കണ്ണൂർ മെഡിക്കൽ കോളേജിലെ നിലവിലുള്ള ടെലി കൊബാൾട്ട് മെഷീൻ ഡി കമ്മീഷൻ ചെയ്യുന്നതിനും പുതിയ ടെലി കൊബാൾട്ട് മെഷീന്റെ സ്ഥാനത്ത് LINAC (Linear Accelerator), മെഷീൻ വാങ്ങുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുന്നതിനുമുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ